# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.95/PR/PIC/PHQ/18 Date : 18.04.2018

---

## എല്ലാ പോലീസ് സ്റ്റേഷനിലും സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ സെൽ

സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി നിയന്ത്രിക്കുന്നതിനും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിനും കൂടുതൽ പോലീസുദ്യോഗസ്ഥർക്ക് പരിശീലനം നൽകി നിയോഗിക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ അറിയിച്ചു. ഇതിന്റെ ഭാഗമായി വിവിധ വിഷയങ്ങളെ ആസ്പദമാക്കി ഓരോ പോലീസ് സ്റ്റേഷനിലേയും മൂന്നു പേർക്ക് പരിശീലനം നൽകി സ്റ്റേഷനുകളിൽ സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ സെൽ രൂപീകരിക്കും. സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ എഫ് ഐ ആർ രജിസ്റ്റർ ചെയ്യുന്നതിനും പ്രാഥമികാന്വേഷണം നടത്തുന്നതിനും സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനേയും പ്രാപ്തരാക്കുക എന്നതാണ് ലക്ഷ്യം. സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഗൗരവസ്വഭാവമുള്ള കുറ്റകൃത്യങ്ങൾ ഫലപ്രദമായി അന്വേഷിക്കുന്നതിനും സംസ്ഥാനത്ത് തിരുവനന്തപുരത്ത് സൈബർ ക്രൈം പോലീസ് സ്റ്റേഷൻ ഇപ്പോൾ നിലവിലുണ്ട്. ഇതോടൊപ്പം എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ പുതുതായി ആരംഭിക്കുന്നുണ്ട്. ഇതോടൊപ്പമാണ് പോലീസ് സ്റ്റേഷനുകളിൽ സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ സെല്ലുകൾ രൂപീകരിക്കുന്നത്.

തുടക്കമെന്ന നിലയിൽ ജില്ലാ സൈബർ സെല്ലുകളിലെ രണ്ടുപേരെവീതം ഉൾപ്പെടുത്തി പോലീസ് ട്രെയിനിങ് കോളേജ് പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ വിദഗ്ധരുടെ സഹായത്തോടെ തിരുവനന്തപുരം പോലീസ് ട്രെയിനിങ് കോളേജിൽ വച്ച് ഒരു ബോധവൽക്കരണ പരിപാടി നടത്തും. ഇപ്രകാരം ട്രെയിനിങ് ലഭിച്ച ജില്ലാ സൈബർ സെൽ പ്രതിനിധികൾ ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ അവരവരുടെ ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനിൽ നിന്നുള്ള പ്രതിനിധികൾക്ക് തുടർന്ന് പരിശീലനം നൽകും.

വിവിധ ഐ ടി ഉപകരണങ്ങൾ പരിചയപ്പെടൽ, ഡിജിറ്റൽ തെളിവുകൾ, ഹാർഡ് ഡിസ്കിലെ വിവരങ്ങൾ ശേഖരിക്കൽ, സി ഡി ആർ അനാലിസിസ്, സൈബർ ക്രൈം കേസുകളിൽ എഫ് ഐ ആർ തയ്യാറാക്കൽ, സാമൂഹിക മാധ്യമങ്ങളെ സംബന്ധിച്ചുള്ള അന്വേഷണം മൊബൈൽ ഫോൺ മുഖേനയുള്ള തെളിവ് ശേഖരിക്കൽ തുടങ്ങിയവയും മറ്റു വിവിധ സൈബർ വിഷയങ്ങളെ സംബന്ധിച്ചുമുള്ള പരിശീലന പരിപാടിയാണ് ക്രമീകരിച്ചിരിക്കുന്നത്.

എല്ലാ സ്റ്റേഷനിലേയും സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിനാവശ്യമായ ബോധവൽക്കരണം നൽകും.

പോലീസ് സ്റ്റേഷൻ തലത്തിലുള്ള സൈബർ സെല്ലുകൾക്ക് ആവശ്യമായ ഉപകരണ സംവിധാനങ്ങൾ നൽകുന്നതിനും ജില്ലാ പോലീസ് മേധാവിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

*********

************